IT @ School
DEPARTMENT OF GENERAL EDUCATION
GOVERNMENT OF KERALA

**IT@SCHOOL STATE PROJECT OFFICE**
(IT Project under Directorate of Public Instruction)
**VICTERS**
(The complete educational channel)
Poojappura. P.O.,Thiruvananthapuram – 12
Ph: 0471-2529800 Fax : 0471-2529810
Emai : contact@itschool.gov.in, victers@itschool.gov.in
Website : www.itschool.gov.in, www.victers.itschool.gov.in

No. ITS/2016/11/1515 (25) തീയതി : 16.11.2016

# സർക്കുലർ

വിഷയം:- **ഐടി@സ്കൂൾ പ്രോജക്ട് - ഹൈടെക് സ്കൂൾ പദ്ധതി - 136 അസംബ്ലി നിയോജക മണ്ഡലങ്ങളിലെ സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ, ഹയർസെക്കണ്ടറി/ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലും ഐ.സി.ടി. ഉപകരണങ്ങളും സേവനങ്ങളും ലഭ്യമാക്കുന്നതിന് വിവരശേഖരണം നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

വായന:-
1. 14.10.2016 ലെ സ.ഉ(സാധാ) നം.3390/16/പൊ.വി.വ. നമ്പർ സർക്കാർ ഉത്തരവ്.
2. 07.11.2016 ലെ സ.ഉ(സാധാ) നം. 3732/16/പൊ.വി.വ. നമ്പർ സർക്കാർ ഉത്തരവ്.

കേരളത്തിലെ പൊതുവിദ്യാഭ്യാസ മേഖലയിൽ കാലോചിതമായ ആധുനികവത്കരണം നടത്തുന്നതിന്റെ ഭാഗമായി നാല് നിയോജകമണ്ഡലങ്ങളിലെ 8 മുതൽ 12 വരെയുള്ള സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ ക്ലാസുകൾ ഹൈടെക് ആക്കുന്നതിനുള്ള പൈലറ്റ് പദ്ധതി നടപ്പിലാക്കുന്നതിന് വായന 1 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഹൈടെക് സ്കൂൾ പദ്ധതി മറ്റ് 136 അസംബ്ലി നിയോജകമണ്ഡലങ്ങളിലെ സർക്കാർ, എയ്ഡഡ് സ്കൂളുകളിലും നടപ്പിലാക്കുന്നതിന് ഓരോ സ്കൂളിന്റെയും ഐ.സി.ടി. ആവശ്യകത നിർണയിക്കുന്നതിനുള്ള സർവേയും അനുബന്ധ പ്രവർത്തനങ്ങളും നടത്തുവാൻ ഐ.ടി.@സ്കൂൾ പ്രോജക്ടിനെ ചുമതലപ്പെടുത്തിക്കൊണ്ട് വായന 2 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നതിന് സ്കൂളുകൾക്ക് ഐ.സി.ടി. ഉപകരണങ്ങളും സേവനങ്ങളും സൗകര്യങ്ങളും ഉറപ്പുവരുത്തേണ്ടതുണ്ട്. ഇതിനായി സ്കൂളുകളിൽ നിലവിലുള്ളതും അധികമായി ആവശ്യമുള്ളതുമായ ഐ.സി.ടി. സൗകര്യങ്ങളുടെ വിവരശേഖരണം നടത്തുന്നതിന് തീരുമാനിച്ചിരിക്കുകയാണ്. ഹൈസ്കൂൾ, ഹയർസെക്കന്ററി/ വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളുകളിലെ വിവരശേഖരണം നടത്തുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. വായന 1 പ്രകാരമുള്ള സർക്കാർ ഉത്തരവിൽ പ്രതിപാദിച്ചിരിക്കുന്ന ആധുനിക വത്കരണത്തിന്റെ ഭാഗമായി ലഭിക്കുന്ന ഉപകരണങ്ങൾ സുരക്ഷിതമായി വയ്ക്കുന്നതിനാവശ്യമായ പൊടിശല്യം തീരെയില്ലാത്ത മുറി (ടൈലുപാകിയ തറ, മേൽക്കൂര ഓട് പാകിയ കെട്ടിടമാണെങ്കിൽ സുരക്ഷിതമായ സീലിങ്, പെയിന്റ് ചെയ്ത് വൃത്തിയാക്കിയ ചുവരുകൾ), ഓരോ ക്ലാസ് മുറിയിലും ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ വിധത്തിൽ സുരക്ഷിതത്വം ഉറപ്പുവരുത്തിയുള്ള വൈദ്യുതീകരണം, അനുബന്ധ ഉപകരണങ്ങൾ സൂക്ഷിക്കുന്നതിനാവശ്യമായ ഷെൽഫ്, ലോക്കർ സംവിധാനങ്ങൾ തുടങ്ങിയവയും അടിസ്ഥാന ഭൗതിക സൗകര്യങ്ങളും അതാത് സ്കൂളുകൾതന്നെ ഒരുക്കേണ്ടതാണ്. ഇതിനായി സ്കൂൾ പി.ടി.എ., എസ്.എം.സി., മാനേജ്മെന്റ്, പൂർവ്വ വിദ്യാർത്ഥി സമൂഹം, സ്കൂളിനോട് താത്പര്യമുള്ള സ്ഥാപനങ്ങൾ, വ്യക്തികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സഹായം പ്രയോജനപ്പെടുത്താവുന്നതാണ്.

2. സ്കൂളുകളുടെ ആവശ്യം ഓൺലൈനിൽ ഉൾപ്പെടുത്തുന്നതിനു മുമ്പ് പിടി.എ/ എസ്.എം.സി./മാനേജ്മെന്റ്/സ്റ്റാഫ് മീറ്റിംഗ് തുടങ്ങിയ അനുയോജ്യ തലങ്ങളിൽ പ്രത്യേക യോഗം ചേർന്ന് ആവശ്യങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കേണ്ടതാണ്.

3. സംസ്ഥാനത്തെ സർക്കാർ എയ്ഡഡ്, ഹൈസ്കൂൾ, ഹയർ സെക്കണ്ടറി/ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലെ 8 മുതൽ 12 വരെയുള്ള എല്ലാ ക്ലാസുകളും ഹൈടെക് ആക്കുന്നത് സംബന്ധിച്ച കരട് സമീപന രേഖ www.itschool.gov.in ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആയതുകൂടി പരിശോധിച്ച ശേഷമായിരിക്കണം സ്കൂളുകൾ വിശദാംശങ്ങൾ ഓൺലൈനിൽ സമർപ്പിക്കേണ്ടത്.

4. www.itschool.gov.in - ൽ 'School Development–Data collection' ലിങ്കിൽ ലഭ്യമായ ഓൺലൈൻ ആപ്ലിക്കേഷനിലാണ് സ്കൂളുകൾ വിശദാംശങ്ങൾ നൽകേണ്ടത്.

5. ഹൈസ്കൂളുകളും ഹയർസെക്കന്ററി/വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളുകളും പ്രത്യേകം ഓൺലൈൻ പ്രൊഫോർമയിൽ ലോഗിൻ ചെയ്താണ് വിവരങ്ങൾ നൽകേണ്ടത്.

6. ഐ.സി.ടി.@സ്കൂൾ പദ്ധതി പ്രകാരവും വിവിധ ഏജൻസികൾ മുഖേനയും സ്കൂളുകൾക്ക് ലഭിച്ചിട്ടുള്ള ഐ.സി.ടി. ഉപകരണങ്ങളുടെ വിനിയോഗം ഫലപ്രദമാക്കേണ്ടതുണ്ട്. ആയതിനാൽ സ്കൂളുകളിലെ ഇവയുടെ നിജസ്ഥിതി ഐ.ടി. ഓഡിറ്റിലൂടെ ശേഖരിച്ച് മാത്രമായിരിക്കും തുടർന്ന് ഉപകരണങ്ങളും സൗകര്യങ്ങളും ലഭ്യമാക്കുന്നത്. അതിനാൽ വിവരം സമർപ്പിക്കുന്നതിൽ കൃത്യത ഉറപ്പുവരുത്തുന്നതിന് സ്കൂൾ അധികാരികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

7. വായന 1, 2 പ്രകാരമുള്ള സർക്കാർ ഉത്തരവുകളും വിവരശേഖരണം സംബന്ധിച്ച പൊതു നിർദേശങ്ങളും ഓൺലൈൻ പ്രൊഫോർമയുടെ മാതൃകയിൽ ഇതോടൊപ്പം ചേർക്കുന്നു. 2016 ഡിസംബർ 5 നുമുമ്പ് എല്ലാ സ്കൂളുകളും വിവരം ഓൺലൈനിൽ സമർപ്പിക്കേണ്ടതാണ്.

8. ഐ.ടി.@സ്കൂൾ പ്രോജക്ടിന്റെ ജില്ലാ കോ-ഓർഡിനേറ്റർമാരും മാസ്റ്റർ ട്രെയിനർമാരും അവരവരുടെ ജില്ലയിലെ/സബ് ജില്ലയിലെ എല്ലാ സ്കൂളുകളും യഥാസമയം കൃത്യമായ ഡാറ്റ ഓൺലൈനിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

എക്സിക്യൂട്ടീവ് ഡയറക്ടർ

എല്ലാ സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ, ഹയർസെക്കൻഡറി/വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂൾ പ്രഥമാധ്യാപകർക്കും (ജില്ലാ കോ-ഓർഡിനേറ്റർ മുഖേന)

പകർപ്പ്:

പൊതുവിദ്യാഭ്യാസ ഡയറക്ടർ
ഡയറക്ടർ, ഹയർസെക്കന്ററി വിദ്യാഭ്യാസം
ഡയറക്ടർ, വൊക്കേഷണൽ ഹയർസെക്കന്ററി വിദ്യാഭ്യാസം
} ആമുഖക്കത്ത് സഹിതം

എല്ലാ ആർഡിഡി/എഡി മാർക്കും
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ/ജില്ലാവിദ്യാഭ്യാസ ഓഫീസർമാർക്കും
ഐടി@സ്കൂൾ പ്രോജക്ടിലെ എല്ലാ ജില്ലാ കോ-ഓർഡിനേറ്റർമാർക്കും

IT @ School

DEPARTMENT OF GENERAL EDUCATION
GOVERNMENT OF KERALA

# HI-TECH SCHOOL

## 'സ്കൂൾ ഡെവലപ്‌മെന്റ് പ്ലാൻ' വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ

ഹൈടെക് സ്കൂൾ പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഹൈസ്കൂൾ, ഹയർസെക്കന്ററി/ വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളുകളിൽ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് നിലവിലുള്ള ഉപകരണങ്ങളുടേയും ആവശ്യമായവയുടേയും യഥാർത്ഥ വിവരശേഖരണം നടത്തുന്നതിന് വിശദാംശങ്ങൾ ഓൺലൈനിൽ നൽകേണ്ടതാണ്. പ്രൊഫോർമ ഏഴ് ഭാഗങ്ങളായി തിരിച്ചിട്ടുണ്ട്

### A. ക്ലാസ് അടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ:

സ്കൂളിലെ ആകെ വിദ്യാർത്ഥികൾ, ആകെ ഡിവിഷൻ/ബാച്ച്, വൈദ്യുതീകരിച്ച ക്ലാസ് മുറികൾ, നെറ്റ്‌വർക്ക് ചെയ്ത ക്ലാസ് മുറികൾ, പ്രൊജക്ടർ-കമ്പ്യൂട്ടർ എന്നിവ സജ്ജീകരിച്ച് നിലവിൽ പ്രവർത്തിക്കുന്ന സ്മാർട്ട് ക്ലാസ് മുറികളുടെ വിശദാംശങ്ങൾ, 2016 ഡിസംബർ 31 നകം വൈദ്യുതീകരണവും നെറ്റ്‌വർക്കും പൂർത്തിയാക്കി സ്മാർട്ട് ക്ലാസ്മുറിയായി സെറ്റ്ചെയ്യാൻ കഴിയുന്ന ക്ലാസ് മുറികൾ, ലാപ്‌ടോപ്പ്, പ്രോജക്ടർ തുടങ്ങിയ ഉപകരണങ്ങളെക്കുറിച്ചുള്ള വിശദാംശങ്ങളാണ് ഈ വിഭാഗത്തിൽ ഉൾപ്പെടുത്തേണ്ടത്. ഇവയെ അടിസ്ഥാനമാക്കിയാണ് സ്കൂളുകൾക്ക് ഹാർഡ്‌വെയർ വിതരണം ചെയ്യുന്നത്.

### B. സ്കൂളിൽ നിലവിലുള്ള കമ്പ്യൂട്ടർ ലാബിന്റെ വിശദാംശങ്ങൾ:

സ്കൂളിലെ ആകെ കമ്പ്യൂട്ടർ ലാബുകൾ, പ്രവർത്തിക്കുന്ന കമ്പ്യൂട്ടറുകൾ, കേടുപാടുകൾ തീർത്ത് പ്രവർത്തിപ്പിക്കാൻ കഴിയുന്നവ, ഇനിയും ആവശ്യമുള്ളവ തുടങ്ങിയ വിശദാംശങ്ങളാണ് ഈ വിഭാഗത്തിൽ ഉൾപ്പെടുത്തേണ്ടത്.

### C. യുപിഎസിന്റെ വിശദാംശങ്ങൾ:

സ്കൂളിൽ ലഭ്യമായ യു.പി.എസുകൾ, കേടുപാടുകൾ തീർത്ത് പ്രവർത്തിപ്പിക്കാൻ കഴിയുന്നവ, ഇനിയും ആവശ്യമുള്ളവ തുടങ്ങി **കമ്പ്യൂട്ടർലാബ് പ്രവർത്തിക്കാനാവശ്യമായ** യു.പി.എസിന്റെ വിശദാംശങ്ങളാണ് ഈ വിഭാഗത്തിൽ ഉൾപ്പെടുത്തേണ്ടത്.

### D. നെറ്റ്‌വർക്ക് ചെയ്യേണ്ടതിന്റെ വിശദാംശങ്ങൾ:

സ്കൂളിന്റ പ്രധാന കമ്പ്യൂട്ടർ ലാബിൽ നിന്ന് ഓരോ ക്ലാസിലേക്കും നെറ്റ്‌വർക്ക് ചെയ്യാൻ ആവശ്യമായ ആകെ കേബിളുകളുടെ നീളം, ഹബുകളുടെ / സ്വിച്ചുകളുടെ എണ്ണം തുടങ്ങിയ വിശദാംശങ്ങളാണ് ഈ വിഭാഗത്തിൽ ഉൾപ്പെടുത്തേണ്ടത്. പ്രധാന ലാബിൽ നിന്ന് 'ഓരോ കെട്ടിടത്തിലുമുള്ള(രണ്ടിലധികം ക്ലാസ്മുറികൾ പ്രവർത്തിക്കുന്ന) ഹബ്/സ്വിച്ച് എന്നിവയിലേക്കും അവിടെ നിന്ന് ക്ലാസ്മുറികളിലേക്കും' എന്ന നെറ്റ്‌വർക്ക് ക്രമീകരണ രീതി മാതൃകയായി എടുക്കാം. വിവിധനിലകളുള്ള കെട്ടിടത്തിലെ ഓരോ നിലകളിലും ഓരോ ഹബ്/ സ്വിച്ച് ക്രമീകരിക്കേണ്ടതായി വന്നേക്കാം. ഒരു മാതൃക കാണുക.




Networking Diagram - Model

E. **ഹാർഡ്‌വെയർ ക്ലിനിക്കിനുവേണ്ട വിശദാംശങ്ങൾ:**

ഹാർഡ്‌വെയർ ക്ലിനിക്കിലൂടെ പ്രവർത്തനക്ഷമമാക്കാൻ കഴിയുന്ന കമ്പ്യൂട്ടർ, പ്രോജക്ടർ എന്നിവയുടെ വിശദാംശങ്ങളാണ് ഈ വിഭാഗത്തിൽ ഉൾപ്പെടുത്തേണ്ടത്.

F. **ഇ-വേസ്റ്റ് വിശദാംശങ്ങൾ :**

ഒരു തരത്തിലും പ്രവർത്തനക്ഷമമാക്കാൻ സാധിക്കാതെ, ഇ-വേസ്റ്റ് എന്ന നിലയിൽ സൂക്ഷിച്ചിരിക്കുന്ന ഉപകരണങ്ങളുടെ വിശദാംശങ്ങളാണ് ഈ വിഭാഗത്തിൽ ഉൾപ്പെടുത്തേണ്ടത്. ഇ-വേസ്റ്റ് ആയി കണക്കാക്കിയ ഉപകരണങ്ങളുടെ നിജസ്ഥിതി അറിയാനായി ഉദ്യോഗസ്ഥതലത്തിലുള്ള വിശദമായ പരിശോധന ഉണ്ടായിരിക്കുന്നതാണ്.

**പ്രത്യേകശ്രദ്ധക്ക്:** ഉപകരണങ്ങളെ ഇ-വേസ്റ്റ് ആയി തീരുമാനിക്കുന്നതിന് സ്കൂൾ അധികൃതർക്ക് നിലവിൽ അധികാരമില്ല. എങ്കിലും, എസ്.ഐ.ടി.സി.യുടെയും ഹാർഡ്‌വെയറിൽ പ്രാവീണ്യമുള്ള അധ്യാപകരുടെയും നേതൃത്വത്തിൽ വിവിധതരത്തിലുള്ള പരിശോധനയിൽ ഇ-വേസ്റ്റ് ആയി പ്രത്യക്ഷത്തിൽ തോന്നുന്നവയെ ഈ വിഭാഗത്തിൽ ഉൾപ്പെടുത്താവുന്നതാണ്.

G. **സ്കൂളിനെക്കുറിച്ചുള്ള അധിക വിവരങ്ങൾ**

സ്കൂളിലെ ഐ.സി.ടി അധിഷ്ഠിത ക്ലാസുകൾ കൈകാര്യം ചെയ്യാൻ പ്രാപ്തരായ അധ്യാപകരുടെ വിവരങ്ങൾ, കമ്പ്യൂട്ടർലാബിലെ ഇന്റർനെറ്റ് കണക്ടിവിറ്റിയുള്ള കമ്പ്യൂട്ടറുകളുടെ എണ്ണം, സ്കൂൾവിക്കിയിലെ(www.schoolwiki.in) സ്കൂളിന്റെ പങ്കാളിത്തം, 'സമ്പൂർണ' പോർട്ടലിലെ (www.sampoorna.itschool.gov.in) വിവരങ്ങളുടെ അപ്ഡേഷൻ തുടങ്ങിയവയെക്കുറിച്ചുള്ള വിശദാംശങ്ങളാണ് ഈ വിഭാഗത്തിൽ നൽകേണ്ടത്. സ്കൂളുകളിൽ ഹാർഡ്‌വെയറുകൾ സ്ഥാപിക്കുന്നതിനുള്ള മുൻഗണനാക്രമം നിശ്ചയിക്കുന്നതിൽ ഈ വിഭാഗത്തിലെ പ്രകടനവും പരിഗണിക്കുന്നതാണ്.

*******************

IT @ School

DEPARTMENT OF GENERAL EDUCATION
GOVERNMENT OF KERALA

(For HS Only)

# HIGH TECH SCHOOL

## SCHOOL DEVELOPMENT PLAN- DATA COLLECTION

| **School Code:** | | **Name:** | |
|---|---|---|---|
| **Assembly Constituency:** | | | |

### CONTACT DETAILS

| Designation | Name | Phone No. | Email ID |
|---|---|---|---|
| Head Master | | | |
| SMC Chairman | | | |
| SITC | | | |

### A SMART CLASS ROOM REQUIREMENT

| Class | No. of students | No. of division | No. of classrooms electrified | No. of classrooms networked | No. of classrooms that are secured and electrified for setting up of Smart classroom. | No. of existing smart classrooms | No. of class rooms to be secured | Requirements( Type) | | Remarks |
|---|---|---|---|---|---|---|---|---|---|---|
| | | | | | | | | Laptop | Projector | |
| a | b | c | d | e | *f | **g | h | i | | |
| VIII | | | | | | | | | | |
| IX | | | | | | | | | | |
| X | | | | | | | | | | |
| Total | | | | | | | | | | |

### B COMPUTER LAB STATUS & REQUIREMENTS

| | | |
|---|---|---|
| a. No. of computer Labs | | |
| b. No. of working Televisions | | |
| c. No. of working Computers | Desktop | |
| | Laptop | |
| d. No. of not working Computers | Desktop | |
| | Laptop | |
| e. No. of not working Computers that can be repaired | Desktop | |
| | Laptop | |
| f. Additional required for Lab | Desktop | |
| | Laptop | |
| **Total (c+e+f)** | Desktop | |
| | Laptop | |

* please mention the class room that will be secured and electrified before 31 st Dec. 2016

** smart class rooms equipped with Power supply, Computer & Projector

| C | UPS REQUIREMENT | | | | |
|---|---|---|---|---|---|
| **5KVA/3KVA/1KVA UPS ( For Computer Labs)** | | | | | |
| Items | | 5 KVA | 3KVA | 1KVA | Others |
| a. No. of working UPS | | | | | |
| b. No. of not working UPS that can be repaired | UPS Only | | | | |
| | Battery Failure only | | | | |
| | Both | | | | |
| c. Additional required | | | | | |
| Total (a+b+c) | | | | | |

| D | NETWORKING REQUIREMENTS | | |
|---|---|---|---|
| a. No. of buildings in which more than two class rooms functioning | | | |
| b. Total No. of Hub/Switch available | **8 Port** | **16 Port** | **24 Port** |
| | | | |
| c. Total No. of Hub/Switch required to complete the networks to all rooms( See the directions) | | | |
| d. Total length of UTP Cable required to network to all rooms -(in Meters) – ( See the directions) | | | |

| E | HARDWARE CLINIC | | | |
|---|---|---|---|---|
| Items | Major issues (A) | Minor issues (B) | Not known (C) | Total to be repaired (A+B+C) |
| Desktop | | | | |
| Laptop (Battery, Keyboard problem) | | | | |
| Projector (Other than lamp problem) | | | | |

| F | E-WASTE MANAGEMENT DETAILS | | | |
|---|---|---|---|---|
| **Items** | | **Total No. of Scraps** | **Items** | **Total No. of Scraps** |
| Desktop Computer (without Monitor) | | | Scanner | |
| Laptop Computer | | | Printer | |
| Netbook | | | Camera | |
| Multimedia Projector | | | Keyboard | |
| Television | | | Mouse | |
| CRT Monitor | | | Generator | |
| LED/LCD Monitors | | | **Other Components- (External HDD/Modems/Switch,etc)** | |
| UPS with Battery | Below 1 KVA | | **Name of Items** | **Quantity** |
| | Between 1 & 3 KVA | | | |
| | 3 KVA | | | |
| | Above 3 KVA | | | |
| No. of External UPS Battery | | | | |

| No. of Teachers (Capability of ICT Enabled Classes) | | | | Schoolwiki Status | | |
|---|---|---|---|---|---|---|
| Total No. of Teachers ( A) | Capable of handling ICT enabled classes (B) | Shall equip to handle ICT enabled class rooms by 31st December 2016 (C) | Balance ( A- (B+C)) | % of current updation | % of updation by 31st December | Remarks |
| | | | | | | |

| Internet facility | | Sampoorna Status | | |
|---|---|---|---|---|
| Total No. of Computers / laptops where Internet is available in Computer lab | | % of current updation | % of updation by 31st December | Remarks |
| | | | | |

Place:

Date: (School seal) Name & Signature of Headmaster

IT @ School
DEPARTMENT OF GENERAL EDUCATION
GOVERNMENT OF KERALA

**(For HSS/VHSS Only)**
**Use Separate Sheet for HSS & VHSS**

# HIGH TECH SCHOOL

| SCHOOL DEVELOPMENT PLAN- DATA COLLECTION | | | |
|---|---|---|---|
| **School Code:** | | **Name:** | |
| **Assembly Constituency:** | | | |

| CONTACT DETAILS | | | |
|---|---|---|---|
| Designation | Name | Phone No. | Email ID |
| Principal | | | |
| SMC Chairman | | | |
| HITC | | | |

| **A** | **SMART CLASS ROOM REQUIREMENT** | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| Class | No. of students | No. of division | No. of classrooms electrified | No. of classrooms networked | No. of classrooms that are secured and electrified for setting up of Smart classroom. | No. of existing smart classrooms | No. of class rooms to be secured | Requirements (Type) | | Remarks |
| | | | | | | | | Laptop Computers | Projector | |
| a | b | c | d | e | *f | **g | h | i | | |
| XI | | | | | | | | | | |
| XII | | | | | | | | | | |
| **Total** | | | | | | | | | | |

| **B** | **COMPUTER LAB STATUS & REQUIREMENTS** | |
|---|---|---|
| a. No. of computer Labs (If No Separate Lab Put 0 here) | | |
| b. No. of working Televisions | | |
| c. No. of working Computers | Desktop | |
| | Laptop | |
| d. No. of not working Computers | Desktop | |
| | Laptop | |
| e. No. of not working Computers that can be repaired | Desktop | |
| | Laptop | |
| f. Additional requirement for Computer Lab | Desktop | |
| | Laptop | |
| **Total (c+e+f)** | Desktop | |
| | Laptop | |

* please mention the class room that will be secured and electrified before 31st Dec. 2016

** smart class rooms equipped with Power supply, Computer & Projector

| C | UPS REQUIREMENT | | | | |
|---|---|---|---|---|---|
| **5KVA/3KVA/1KVA UPS ( For Computer Labs)** | | | | | |
| Items | | 5 KVA | 3KVA | 1KVA | Others |
| a. No. of working UPS | | | | | |
| b. No. of not working UPS that can be repaired | UPS Only | | | | |
| | Battery Failure only | | | | |
| | Both | | | | |
| c. Additional required | | | | | |
| Total (a+b+c) | | | | | |

| D | NETWORKING REQUIREMENTS | | |
|---|---|---|---|
| a. No. of buildings in which more than two class rooms functioning | | | |
| b. Total No. of Hub/Switch available | 8 Port | 16 Port | 24 Port |
| | | | |
| c. Total No. of Hub/Switch required to complete the networks to all rooms( See the directions) | | | |
| d. Total length of UTP Cable required to network to all rooms -(in Meters) - ( See the directions) | | | |

| E | HARDWARE CLINIC | | | |
|---|---|---|---|---|
| Items | Major issues (A) | Minor issues (B) | Not known (C) | Total to be repaired (A+B+C) |
| Desktop | | | | |
| Laptop (Battery, Keyboard problem) | | | | |
| Projector (Other than lamp problem) | | | | |

| F | E-WASTE MANAGEMENT DETAILS | | | |
|---|---|---|---|---|
| **Items** | | **Total No. of Scraps** | **Items** | **Total No. of Scraps** |
| Desktop Computer (without Monitor) | | | Scanner | |
| Laptop Computer | | | Printer | |
| Netbook | | | Camera | |
| Multimedia Projector | | | Keyboard | |
| Television | | | Mouse | |
| CRT Monitor | | | Generator | |
| LED/LCD Monitors | | | **Other Components- (External HDD/Modems/Switch,etc)** | |
| UPS with Battery | Below 1 KVA | | **Name of Items** | **Quantity** |
| | Between 1 & 3 KVA | | | |
| | 3 KVA | | | |
| | Above 3 KVA | | | |
| No. of External UPS Battery | | | | |

| G | ADDITIONAL INFORMATIONS | | | | |
|---|---|---|---|---|---|
| **No. of Teachers (Capability of ICT Enabled Classes)** | | | | **Internet facility** | |
| Total ( A) | Capable of handling ICT enabled classes (B) | Shall equip to handle ICT enabled class rooms by 31st December 2016 (C) | Balance ( A-(B+C)) | Total No. of Computers / laptops where Internet is available in Computer lab( if Lab available) | |
| | | | | | |

Place:

Date: (School seal)

Name & Signature of Principal

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - ഹൈടെക് സ്കൂൾ പദ്ധതി - പൈലറ്റ് പ്രവർത്തനങ്ങൾ നടത്തുന്നതിന് ഐടി@ സ്കൂളിനെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതു വിദ്യാഭ്യാസ (ഡി) വകുപ്പ്

സ.ഉ.(സാധാ.) നം.3390 /16/പൊ.വി.വ തീയതി, തിരുവനന്തപുരം 14 .10.2016

പരാമർശം:- ഐടി@ സ്കൂൾ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 23.09.2016 ലെ ഐടിഎസ്/ 2016/1515 നം.കത്ത്.

**ഉത്തരവ്**

കേരളത്തിലെ 8 മുതൽ 12 വരെയുള്ള സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ ക്ലാസുകൾ ഹൈടെക് ആക്കുമെന്ന് 2016-17 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നു. പ്രസ്തുത പദ്ധതിക്കുവേണ്ടി നാല് നിയോജക മണ്ഡലങ്ങളിൽ പൈലറ്റ് വിന്യാസം 2016 നവംബർ ആദ്യം ആരംഭിക്കേണ്ടതുണ്ടെന്നും ആയതിനാൽ ആലപ്പുഴ,പുതുക്കാട്, കോഴിക്കോട് നോർത്ത്, തളിപ്പറമ്പ്, എന്നീ നിയോജക മണ്ഡലങ്ങളിൽ ഹൈടെക് സ്കൂൾ പദ്ധതിയുടെ പൈലറ്റ് പ്രവർത്തനങ്ങൾ നടത്തുന്നതിന് കേരള ഐ.റ്റി.@ സ്കൂൾ പ്രോജക്റ്റിനെ ചുമതലപ്പെടുത്തുന്നതിനും ഇതിനാവശ്യമായ ചെലവുകൾ ഐ.റ്റി.@ സ്കൂൾ പ്രോജക്ടിന്റെ നിലവിലുള്ള ഫണ്ടിൽ നിന്നും വിനിയോഗിക്കുന്നതിനുമുള്ള അനുമതിയും ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഐ.ടി@ സ്കൂൾ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (1) പ്രകാരം കത്ത് സമർപ്പിച്ചിരുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കേരളത്തിലെ പൊതുവിദ്യാഭ്യാസ മേഖലയിൽ കാലോചിതമായ ആധുനികവത്ക്കരണം ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ്, കോഴിക്കോട് ജില്ലയിലെ കോഴിക്കോട് നോർത്ത്, തൃശ്ശൂർ ജില്ലയിലെ പുതുക്കാട്, ആലപ്പുഴ ജില്ലയിലെ ആലപ്പുഴ എന്നീ മണ്ഡലങ്ങളിൽ 8 മുതൽ 12 വരെയുള്ള സർക്കാർ/ എയ്ഡഡ് സ്കൂളുകളിലെ ക്ലാസുകൾ ഹൈടെക് ആക്കുന്നതിന് വേണ്ടിയുള്ള പൈലറ്റ് പദ്ധതി നടത്തുന്നതിന് ചുവടെ പറയുന്ന നിബന്ധനകൾക്ക വിധേയമായി ഐടി@ സ്കൂളിനെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

1. പദ്ധതിയുടെ ഭാഗമായി ഓരോ ക്ലാസിലും വൈറ്റ് ബോർഡ്, എൽ.സി.ഡി.പ്രൊജക്ടർ, കമ്പ്യൂട്ടർ, ഇന്റർനെറ്റ് കണക്ഷൻ, ശബ്ദ സംവിധാനം എന്നിവ ഒന്നാം ഘട്ടത്തിൽ ഏർപ്പെടുത്തേണ്ടതാണ്.
2. ആധുനികവൽക്കരണത്തിന്റെ ഭാഗമായി ലഭിക്കുന്ന ഉപകരണങ്ങൾ സുരക്ഷിതമായി വയ്ക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സ്കൂളുകളിൽ തയ്യാറാക്കേണ്ടതിന് താഴെപ്പറയുന്ന സൗകര്യങ്ങൾ സ്കൂളുകളിൽ ഏർപ്പെടുത്തേണ്ടതാണ്.

   i) പൊടിശല്യം തീരെയില്ലാത്ത മുറി(ടൈലുപാകിയ തറ, മേൽക്കൂര ഓടുപാകിയ കെട്ടിടമാണെങ്കിൽ സുരക്ഷിതമായ സീലിംഗ്, പെയിന്റ്ചെയ്ത് വൃത്തിയാക്കിയ ചുവരുകൾ)

   ii) ഓരോ ക്ലാസ് മുറിയിലും ഈ ഉപകരണങ്ങൾ പ്രവർത്തിപ്പിക്കാനാവശ്യമായ വിധത്തിൽ സുരക്ഷിതത്വം ഉറപ്പുവരുത്തിയുള്ള വൈദ്യുതീകരണം

   iii) അനുബന്ധ ഉപകരണങ്ങൾ സൂക്ഷിക്കാനാവശ്യമായ ഷെൽഫ് , ലോക്കർ സംവിധാനങ്ങൾ.
3. അടിസ്ഥാന ഭൗതിക സൗകര്യങ്ങൾ ഒരുക്കേണ്ടത് അതാത് സ്കൂളുകൾ തന്നെയായിരിക്കണം. സ്കൂൾ PTA/SMC, Management പൂർവ്വ വിദ്യാർത്ഥി സമൂഹം. സ്കൂളിനോട് താല്പര്യമുള്ള സ്ഥാപനങ്ങൾ, വ്യക്തികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സഹായം പ്രയോജനപ്പെടുത്താവുന്നതാണ്.

4. ഓരോ മണ്ഡലത്തിലും കൂടിയാലോചിച്ച് തീരുമാനിക്കപ്പെടുന്ന ദിവസത്തിന് മുമ്പ് [illegible] അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കേണ്ടതാണ്.
5. ഹൈസ്കൂൾ, ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർസെക്കന്ററി വിഭാഗങ്ങളിലെ അദ്ധ്യാപകർക്കും ഇത് സംബന്ധിച്ച് ഐടി@ സ്കൂൾ മുഖേന പരിശീലനം നൽകേണ്ടതാണ്. താഴെ വിവരിക്കുന്ന മൂന്ന് തരത്തിലുള്ള പരിശീലന പരിപാടികളാണ് സംഘടിപ്പിക്കേണ്ടത്.

   i കമ്പ്യൂട്ടറിലുള്ള അടിസ്ഥാന പരിശീലനം
   ii ICT ഉപകരണങ്ങൾ പ്രവർത്തിപ്പിച്ച് ക്ലാസ്സെടുക്കുന്നതിനുള്ള പരിശീലനം
   iii ഓരോ വിഷയങ്ങളിലെയും ഐ.സി.റ്റി അധിഷ്ഠിത അദ്ധ്യാപനത്തിന് പര്യാപ്തമായ ഉള്ളടക്ക നിർമ്മാണവും അതുമായി ബന്ധപ്പെട്ടുള്ള സാങ്കേതിക വശങ്ങളുടെയും പരിശീലനം.
6. ഓരോ മണ്ഡലത്തിലെയും അതത് ജില്ലകളിലെ ഐ.റ്റി.@ സ്കൂൾ സംവിധാനവുമായി ചേർന്ന് പരിശീലനത്തിനാവശ്യമായ ഷെഡ്യൂൾ തയ്യാറാക്കേണ്ടതാണ്.
7. കുട്ടികളുടെ അദ്ധ്യയന ദിവസങ്ങൾക്ക് കുറവ് വരാത്തതരത്തിൽ അവധി ദിവസങ്ങൾകൂടി പ്രയോജനപ്പെടുത്തി പരിശീലന പരിപാടികൾ ചിട്ടപ്പെടുത്തേണ്ടതാണ്.
8. ക്ലാസ്സ് മുറികൾ ഹൈടെക് ആക്കുന്നതിനോടൊപ്പം തന്നെ എൽ.ഇ.ഡി.ടെലിവിഷൻകൂടി ഉൾപ്പെടുന്ന സുസജ്ജമായ ഒരു കമ്പ്യൂട്ടർ ലാബും സ്കൂളുകളിൽ സജ്ജീകരിക്കേണ്ടതാണ്. അതിനോടൊപ്പംതന്നെ ഇപ്പോൾ സ്കൂളുകളിൽ സൂക്ഷിച്ചിരിക്കുന്ന കേടായ കമ്പ്യൂട്ടറുകളിൽ അറ്റകുറ്റപണിചെയ്യാൽ പ്രവർത്തനക്ഷമമാക്കാവുന്നവ മുഴുവൻ നന്നാക്കേണ്ടതും ജില്ലാതലത്തിൽ ഹാർഡ് വെയർക്ലിനിക്കുകൾ ഐറ്റി.@ സ്കൂളിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കേണ്ടതുമാണ്.

മേൽ പദ്ധതിയുടെ പ്രവർത്തനങ്ങൾക്കാവശ്യമായ ചെലവുകൾ ഐ.റ്റി.@ സ്കൂളിന്റെ നിലവിലുള്ള ഫണ്ടിൽ നിന്നും വിനിയോഗിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ.പി.എം. മുഹമ്മദ് ഹനീഷ്
സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.റ്റി.അറ്റ് സ്കൂൾ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.